RCS/2274/2020-G(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
ജവഹർ സഹകരണ ഭവൻ,
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം -14
ഫോൺ 0471-2330825
ഇ-മെയിൽ keralarcs.coop@kerala.gov.in
www.cooperation.kerala.gov.in
തീയതി:26.04.2021

# സർക്കുലർ നമ്പർ 18/2021

വിഷയം:- സഹകരണ വകുപ്പ് - കോവിഡ് 19 - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുന്നത് - സംബന്ധിച്ച്

പരാമർശം:- ബഹുമാനപ്പെട്ട സഹകരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 24.04.2021 ന് നടന്ന വിഡിയോ കോൺഫറൻസിലെ തീരുമാനം

സംസ്ഥാനത്ത് നിലവിൽ കോവിഡ് 19 ന്റെ രണ്ടാം ഘട്ട രോഗ വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ രോഗവ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ പ്രവർത്തനങ്ങളിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി മിനി ആന്റണി ഐ.എ.എസ് ന്റെ അദ്ധ്യക്ഷതയിൽ ബഹു. സഹകരണ വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ശ്രീ. വി. ജോയി എം.എൽ.എ, ശ്രീ. പി. അബ്ദുൾ ഹമീദ് എം.എൽ.എ, ശ്രീ. കോലിയക്കോട് കൃഷ്ണൻ നായർ (ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ), ശ്രീ. ഗോപി കോട്ടമുറിക്കൽ (പ്രസിഡന്റ്, കേരള ബാങ്ക്), ശ്രീ. സോളമൻ അലക്സ് (പ്രസിഡന്റ് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്) എം. മെഹബൂബ് (പ്രസിഡന്റ്, കൺസ്യൂമർ ഫെഡ്) മറ്റ് പ്രമുഖ സഹകാരികൾ, സഹകരണ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ, സഹകരണ സ്ഥാപനങ്ങളിലെ ഭാരവാഹികൾ, സഹകരണ ജീവനക്കാരുടെ വിവിധ സംഘടനാ പ്രതിനിധികൾ എന്നിവരുടെ ഒരു യോഗം പരാമർശ പ്രകാരം നടത്തുകയും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളും, ഭരണ സമതി അംഗങ്ങളും, ജീവനക്കാരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഉദാരമായി സംഭാവന നൽകണമെന്ന് തീരുമാനിക്കുകയും ഉണ്ടായി. മേൽ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തന ശേഷിയുടേയും ലാഭത്തിനും അനുസരിച്ച് ചുവടെ പറയും പ്രകാരമുള്ള ഏറ്റവും കുറഞ്ഞ തുകകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകുന്നതിന് അഭ്യർത്ഥിക്കുന്നു.

1. അപ്പക്സ് / ഫെഡറൽ / സെൻട്രൽ സഹകരണ സംഘങ്ങൾ
   (i) കേരള ബാങ്ക് 5 കോടി രൂപ
   (ii) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് 2 കോടി രൂപ
   (iii) ലാഭത്തിൽ പ്രവർത്തിക്കുന്ന മറ്റ് അപ്പക്സ് സഹകരണ സംഘങ്ങൾ 1 കോടി രൂപ
   (iv) മറ്റുള്ളവ - അവയുടെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച്
2. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ
   (i) ക്ലാസ് 1 സൂപ്പർ ഗ്രേഡ് 10 ലക്ഷം രൂപ ,
   (ii) ക്ലാസ് 1 സ്പെഷ്യൽ ഗ്രേഡ്, ക്ലാസ് 1 സഹകരണ സംഘം 7 ലക്ഷം രൂപ,
   (iii) ക്ലാസ് 2, ക്ലാസ് 3, 5 ലക്ഷം രൂപ,
   (iv) മറ്റ് സഹകരണ സംഘങ്ങൾ 2 ലക്ഷം രൂപ

3. പ്രാഥമിക വായ്പേതര സഹകരണ സംഘങ്ങൾ
   (i) ലാഭത്തിൽ പ്രവർത്തിക്കുന്ന വായ്പേതര സഹകരണ സംഘം 1 ലക്ഷം രൂപ
   (ii) മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ 50,000/- രൂപ

4. സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ രണ്ട് ദിവസത്തെ ശംബളം, ഏപ്രിൽ, മേയ് മാസങ്ങളിലെ ശമ്പളത്തിൽ നിന്നും രണ്ട് ഗഡുക്കളായി നൽകണം
5. സംസ്ഥാന സഹകരണ യൂണിയൻ, സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ബോർഡുകൾ, CAPE, ACSTI തുടങ്ങിയ സ്വയം ഭരണ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ അവയുടെ സാമ്പത്തിക സ്ഥിതിക്കനുസരിച്ചും ആയതിലെ ജീവനക്കാർ രണ്ട് ദിവസത്തെ ശമ്പളവും സംഭാവനയായി നൽകണം
6. ഇപ്രകാരം സംഭാവനയായി ലഭിക്കുന്ന തുക കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ്ഡ് ആഫീസ് ശാഖയിലെ താഴെ പറയുന്ന അക്കൗണ്ടിൽ അടയ്ക്കേണ്ടതാണ്

   **അക്കൗണ്ട് നമ്പർ - 001101023000357**

   **IFSC - KSBK0000101**

   Kerala State Co-operative Bank H.O. Branch
7. സംഘങ്ങളുടെ പൊതുനൻമാ ഫണ്ട്, വിഭജിക്കാത്ത ലാഭം എന്നിവയിൽ നിന്നും സംഘം ഭരണ സമിതി/ പൊതുയോഗത്തിന്റെ തീരുമാനപ്രകാരം സംഭാവന നൽകാവുന്നതാണ്.
8. സഹകരണ സംഘങ്ങളിലെ അംഗങ്ങളായിട്ടുള്ളവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുന്നത് പ്രോത്സാഹിപ്പിക്കേണ്ടതും ആയതിന് ആവശ്യമായ സൗകര്യങ്ങൾ സഹകരണ സംഘങ്ങൾ ചെയ്തു നൽകേണ്ടതുമാണ്.
9. ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ ജില്ലയിലെ അതാത് ദിവസത്തെ സംഭാവന സംബന്ധിച്ച വിവരങ്ങൾ സഹകരണ സംഘം രജിസ്ട്രാർക്ക് നിശ്ചിത മാതൃകയിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ അസിസ്റ്റന്റ് രജിസ്ട്രാർ (എസ്സ്.സി/എസ്സ്.റ്റി) നോഡൽ ആഫീസറായി പ്രവർത്തിക്കേണ്ടതാണ്.
10. കോവിഡ് വ്യാപനവുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
    (i) സഹകരണ സംഘം രജിസ്ട്രാറുടെ 17/2021 ലെ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്
    (ii) ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ, സഹകരണ ആശുപത്രികൾ, ലാബുകൾ, ആംബുലൻസുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ സാഹചര്യത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ജനങ്ങൾക്ക് പരമാവധി സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
    (iii) കൺസ്യൂമർ ഫെഡറേഷൻ അവശ്യ വസ്തുക്കൾ, മരുന്ന് എന്നിവയും വാതിൽ പടി വിതരണം വിപുലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മാർക്കറ്റിംഗ് ഫെഡറേഷനും ഇത് സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്

സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. സെക്രട്ടറി, സഹകരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എന്നിവർക്ക്.

4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
5. മറ്റ് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക്(അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം.
6. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
7. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
8. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, എല്ലാ അപ്പക്സ് / ഫെഡറൽ / സെൻട്രൽ സ്ഥാപനങ്ങൾ
9. ചെയർമാൻ/വൈസ് ചെയർമാൻ, എല്ലാ സഹകരണ ബോർഡുകൾ
10. ഡയറക്ടർ, CAPE, ACSTI
11. എഡിറ്റർ/സഹകരണ വീഥി,
12. സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ് സൈറ്റ്.

/ ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)